Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2019/1569 (1) തീയതി : 10.01.2019

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലേയ്ക്ക് വിതരണം ചെയ്ത ഐ.സി.ടി. ഉപകരണങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. സ.ഉ (സാധാ) നം. 3732/16/പൊ.വി.വ തീയതി 07.11.2016
2. സ.ഉ (സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018
3. കൈറ്റിന്റെ 17.01.2018-ലെ KITE/2018/1515-6 (1) നമ്പർ സർക്കുലർ
4. കൈറ്റിന്റെ 19.01.2018-ലെ KITE/2018/1515-6 (3) നമ്പർ സർക്കുലർ

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന ഐ. സി. ടി. ഉപകരണങ്ങളുടെ ഗുണമേന്മയും പ്രവർത്തനശേഷിയും ഉറപ്പുവരുത്തുന്നതിന് ഉപകരണങ്ങൾ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്ന വസ്തുതയും വിതരണത്തിന് മുമ്പ് ഇത് സംബന്ധമായി നടത്തേണ്ടുന്ന പരിശോധനകളെ സംബന്ധിച്ച് നിർദ്ദേശങ്ങളും സൂചന 3 ഉം 4 ഉം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറുകളിൽ ഉപകരണ വിതരണത്തിനു മുൻപുള്ള പരിശോധന, വിതരണ കേന്ദ്രങ്ങൾക്കുള്ള നിർദേശങ്ങൾ, സ്കൂളുകൾക്കുള്ള നിർദേശങ്ങൾ എന്നിവ വ്യക്തമാക്കിയിട്ടുണ്ട്.. വിതരണം ചെയ്ത ഉപകരണങ്ങൾ പരിശോധിക്കുന്നതിനും പരാതികൾ ഉണ്ടെങ്കിൽ യഥാസമയം പരിഹരിക്കുന്നതിനും കൈറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും 2 ടെക്നിക്കൽ അസിസ്റ്റന്റിനെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ടെക്നിക്കൽ അസിസ്റ്റന്റുമാർ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്ന ജില്ലയിലെ എല്ലാ സ്കൂളുകളും സന്ദർശിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്.

ടെക്നിക്കൽ അസിസ്റ്റന്റ് സ്കൂൾ സന്ദർശിക്കുന്നതിനു മുൻപ് കൈറ്റിന്റെ വെബ്സൈറ്റിൽ (www.kite.kerala.gov.in/support) നൽകിയിരിക്കുന്ന ലിങ്കിൽ സന്ദർശിക്കുന്ന സ്കൂളിന്റെ കോഡും സന്ദർശന തീയതിയും നൽകുമ്പോൾ അതുവരെ ടി സ്കൂളിന് വിതരണം ചെയ്ത ഉപകരണങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള ഫോർമാറ്റ് ലഭിക്കും. പ്രസ്തുത ഫോർമാറ്റ് പ്രിന്റെടുത്ത് വിശദാംശങ്ങൾ ഉൾപ്പെടുത്തി ഒപ്പിട്ട് ജില്ലാ കോ-ഓർഡിനേറ്റർക്ക് ആഴ്ചയിൽ/രണ്ടാഴ്ചയിൽ ഒരിക്കൽ സമർപ്പിക്കേണ്ടതാണ് (ഫോർമാറ്റിന്റെ മാതൃക അനുബന്ധമായും ചേർക്കുന്നു). ജില്ലാ കോ-ഓർഡിനേറ്റർ ഓരോ സ്കൂളിന്റേയും റിപ്പോർട്ട്

പരിശോധിച്ച് മേലൊപ്പിട്ട് ഓഫീസ് സീൽ പതിപ്പിച്ച് ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതും ക്രോഡീകരിച്ച റിപ്പോർട്ട് എല്ലാ മാസവും സ്റ്റേറ്റ് ഓഫീസിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

ടെക്നിക്കൽ അസിസ്റ്റന്റുമാർ സ്കൂൾ സന്ദർശനം നടത്തുമ്പോൾ മുകളിൽ പ്രതിപാദിച്ച ഫോർമാറ്റിൽ വിവരം ശേഖരിക്കുന്നതിനോടൊപ്പം സ്കൂൾ സന്ദർശനം സംബന്ധിച്ച നിജസ്ഥിതി റിപ്പോർട്ട് വിശദാംശങ്ങൾ സഹിതം എഴുതി സൂക്ഷിക്കേണ്ടതുമാണ്. പ്രസ്തുത വിശദാംശങ്ങൾ ജില്ലാ കോ-ഓർഡിനേറ്ററുമായി ചർച്ച ചെയ്യേണ്ടതും സ്റ്റേറ്റ് ഓഫീസ് ആവശ്യപ്പെടുന്ന തനുസരിച്ച് നിജസ്ഥിതി റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ സ്കാൻ ചെയ്തോ നേരിട്ടോ സമർപ്പിക്കേണ്ടതുമാണ്.

**കെ. അൻവർ സാദത്ത്**
വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)

പകർപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം } അറിവിലേയ്ക്ക്
എല്ലാ ആർഡിഡി/എഡി/വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PHYSICAL VERIFICATION REPORT OF ITEMS DELIVERED TO SCHOOL FOR HI-TECH SCHOOL PROGRAM

Date :10-01-19 15:36:50

| | |
|---|---|
| DELIVERED UP TO | 31-12-2018 |
| SCHOOL CODE, TYPE | 5001-HSS |
| SCHOOL NAME | GOVT. HSS, ERATTUPETTAH , KOTTAYAM, |
| DISTRICT | KOTTAYAM |
| DATE OF VISIT | |

**[PRODUCT SUMMARY] Total Products Supplied : 10**

LIST OF PRODUCTS SUPPLIED TO SCHOOL

| No | PRODUCT | QTY | PRESENT WORKING STATUS | REMARKS |
|---|---|---|---|---|
| 1 | CEILING MOUNT KIT/GMPL/LG PCM-3F | 8 | | |
| 2 | DSLR CAMERA/CANON/EOS-1500D | 1 | | |
| 3 | FACE PLATE/GMPL/FP-NPR | 8 | | |
| 4 | HDMI CABLE 10 Mtr/ANTRAX/HDMI-ANTRAX | 8 | | |
| 5 | LAPTOP/ACER/ONE-14Z476 | 8 | | |
| 6 | LAPTOP (FOR LAB)/ACER/ONE-14Z476 | 4 | | |
| 7 | PROJECTION SCREEN/LIBERTY LITE/SCREEN | 4 | | |
| 8 | PROJECTOR/ACER/X1223H | 8 | | |
| 9 | USB SPEAKER/iBall/IBALL DECOR 9 | 8 | | |
| 10 | Webcam/Logitech/C925e | 1 | | |

Total 58 items Supplied.

| No. of Projector Installed in the class room and its status |
|---|
| |

| |
|---|
| Name, Designation and Signature of the person who visited the school |
| |
| Name and Signature of District Co-ordinator with Seal |
| |